**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1241** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡും, പ്രളയാനന്തര പ്രശ്നങ്ങളും അതിജീവിച്ച് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം അവാർഡുകൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കോവിഡും അതിന് മുമ്പുണ്ടായ രണ്ട് മഹാപ്രളയങ്ങളും കേരളത്തിലെ ടൂറിസം മേഖലയെ ഗുരുതരമായി ബാധിച്ചിരുന്നു. എന്നാൽ സർക്കാർ സ്വീകരിച്ച കാര്യക്ഷമമായ നടപടികളിലൂടെ ഒരു പരിധിവരെ ഈ പ്രതിസന്ധിയിൽ നിന്നും കരകയറാൻ കഴിഞ്ഞു. ഈ കാലയളവിൽ ലഭിച്ച അവാർഡുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | "മോസ്റ്റ് വെൽക്കമിംഗ് റീജിയൻ" വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനം കൈവരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | കേരള ടൂറിസം നടത്തിയ കാര്യക്ഷമമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലൂടെയാണ് ഇത്തരം നേട്ടം കൈവരിക്കാൻ സാധിച്ചത്. സോഷ്യൽ മീഡിയ, ഡിജിറ്റൽ മാധ്യമം, പ്രിന്റ് മീഡിയ, റ്റി.വി. ചാനൽസ് തുടങ്ങിയ മാധ്യമങ്ങളിലൂടെ കേരളം നടത്തിയ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കേരളത്തിലേക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുകയും അതുവഴി ഇത്തരം ഒരു നേട്ടം കൈവരിക്കാൻ സാധിക്കുകയും ചെയ്തു. |
| (സി) | ഇന്ത്യാടുഡെ നടത്തിയ "ഹാപ്പിനെസ് ഇൻഡെക്സിൽ" കേരളം ഒന്നാമത് എത്തുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു; | (സി) | സംസ്ഥാനത്തിന്റെ വിദ്യാഭ്യാസരംഗത്തും, ആരോഗ്യ മേഖലയിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും ക്രമസമാധാന നിലയിലും, വൃത്തിയിലും, പരിസ്ഥിതി സംരക്ഷണ നടപടികളിലും കൈവരിച്ച നേട്ടങ്ങളും അത്തരം നേട്ടങ്ങൾ പൗരന്മാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായിക്കുന്നതും പരിഗണിച്ചാണ് ഇത്തരം ഒരു അവാർഡ് ലഭിച്ചത്. |
| (ഡി) | അയ്മനം മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ദേശീയ അംഗീകാരം നേടാൻ കഴിഞ്ഞ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | 2017 ഒക്ടോബർ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഔദ്യോഗിക ഉത്ഘാടന വേദിയിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13 പഞ്ചായത്തുകളെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങളായി മാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തങ്ങൾ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. മാതൃക |

ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയുടെ ഭാഗമായി പ്രത്യേക ടൂറിസം ഗ്രാമസഭ, ടൂറിസം റിസോഴ്സ് മാപ്പിംഗ്, കായലിലെ ശേഷി പഠനം & ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ (ആവശ്യമെങ്കിൽ), എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുടെ പ്രമോഷൻ, പ്രാദേശിക സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള താമസ സൗകര്യങ്ങളുടെ പ്രമോഷൻ, കാർബൺ ന്യൂട്രൽ സംരംഭങ്ങൾ, വാട്ടർ ഔട്ട്‌ലെറ്റുകളുടെ പ്രോത്സാഹനം, റെസ്പോൺസിബിൾ ആയുർവേദ, ആർ ടി കോഡ് ഓഫ് കോണ്ടാക്റ്റ്, ഹോം സ്റ്റേകളിൽ ഹ്രസ്വകാല പാചക പരിപാടി, മാലിന്യ സംസ്കരണ സംരംഭങ്ങൾ, പ്ലാസ്റ്റിക് വിമുക്ത പ്രഖ്യാപനങ്ങൾ എന്നിങ്ങനെ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കേണ്ടുന്ന 12 പ്രവർത്തനങ്ങൾ ആദ്യമായി പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന നിലയിലാണ് അയ്മനം പഞ്ചായത്തിനെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി പ്രഖ്യാപിച്ചത്. 617 പ്രദേശ വാസികൾക്കു വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി. പദ്ധതിയുടെ ഭാഗമായി 118 പ്രാദേശിക തൊഴിൽ സംരംഭകർ പ്രവർത്തന സജ്ജമായി. നിലവിൽ 2 ഹോംസ്റ്റേകൾ പ്രവർത്തനക്ഷമമാണ്, 8 ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു. ആർ ടി മിഷന്റെ എക്സ്പീരിയൻസ് പാക്കേജുകളുടെ ഭാഗമായി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്, ബേർഡ് വാച്ചിംഗ് പാക്കേജ്, ഗ്രാമ യാത്രാ പാക്കേജുകൾ, പാഡി ഫീൽഡ് വാക്ക് പദ്ധതികൾ, സൈക്കിൾ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധ ടൂർ പാക്കേജുകൾ അയ്മനത്തു നടന്നു വരുന്നു. വനിത കമ്മ്യൂണിറ്റി ലീഡർമാർ നടത്തുന്ന ഈ പാക്കേജുകൾ ഇതിനോടകം ലോക ശ്രദ്ധ പിടിച്ചുപറ്റി. പ്രദേശവാസികളായ 37 പേർക്ക് ശിക്കാര ബോട്ട് ഓപ്പറേറ്റർമാരാകുവാനുള്ള പരിശീലനം നൽകി. പൂർണമായും പ്രാദേശിക ശിക്കാര, മോട്ടോർ ബോട്ടുകൾ പ്രവർത്തിച്ചു വരുന്നു. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയിൽപ്പെടുത്തി അയ്മനം 'പഞ്ചായത്തിൽ ആമ്പൽ ഫെസ്റ്റ് നടത്തുകയും 'ശിക്കാര മോട്ടോർ ബോട്ട് സംരഭകർക്ക് വരുമാനം ലഭിക്കുകയുമുണ്ടായി. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയുടെ ഭാഗമായി വേമ്പനാട് ശുചീകരണം നടന്നു. വീടുകളിലെ മാലിന്യസംസ്കരണത്തിന് ഗ്രൂപ്പുകളുണ്ട്. വേമ്പനാട് കായൽ ക്ലീനിങ്ങ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പാക്കി. അയ്മനത്തെ സഞ്ചരിക്കുന്ന ശുചി മുറി വളരെ

| | | | |
|---|---|---|---|
| | | | പ്രസിദ്ധി നേടിയ ഒരു മാതൃകയാണ്. ടൂറിസം മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന്റെ ഭാഗമായി ഹൗസ് ബോട്ടുകൾ, ശിക്കാരകൾ, മോട്ടോർ ബോട്ടുകൾ എന്നിവക്കും, റിസോർട്ടുകൾക്കും, ആർ ടി മിഷനും വീട്ടുകളിലേക്ക് പഞ്ചായത്തും തുണിസഞ്ചികൾ നൽകി. തുടർന്നു 2020 ജനുവരി 1 ന് പ്രദേശത്തെ ഹൗസ് ബോട്ടുകൾ, ശിക്കാരകൾ, മോട്ടോർ ബോട്ടുകൾ, റിസോർട്ടുകൾ എന്നിവ പ്ലാസ്റ്റിക് വിമുക്തമായി. ഇപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിപൂർണ്ണ പങ്കാളിത്തത്തോടെ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനു മാതൃക കാണിച്ചുകൊണ്ട് അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം ലോക ശ്രദ്ധ ആകർഷിച്ചിരിക്കുന്നു. അയ്മനം ഉൾപ്പെടെ 13 പഞ്ചായത്തുകളിൽ ആരംഭിച്ച മോഡൽ ആർ ടി വില്ലേജ് പദ്ധതി പുതുതായി 5 പ്രദേശങ്ങളിലേക്ക് കൂടി ഈ സാമ്പത്തിക വർഷം വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## KERALA TOURISM INTERNATIONAL, NATIONAL AWARDS & RECOGNITIONS

1. PATA GRAND AWARD FOR MARKETING - HUMAN BY NATURE CAMPAIGN, 2020
2. PATA GOLD AWARDS FOR TRAVEL ADVERTISEMENT BROADCAST MEDIA- , COME OUT AND PLAY TV CAMPAIGN, 2019
3. PATA GOLD AWARDS FOR WEBSITE,2019
4. PATA GOLD AWARDS FOR WOMEN EMPOWERMENT INITIATIVE- ETHNIC RESTAURANT AT KUMARAKOM, 2019
5. PATA GOLD AWARD FOR TRAVEL ADVERTISEMENT PRINT MEDIA, 2018
6. PATA GOLD AWARD FOR TRAVEL POSTER, 2018
7. DAS GOLDENE STADTTOR AWARD FOR HUMAN BY NATURE PRINT CAMPAIGN 2020
8. DAS GOLDENE STADTTOR AWARD FOR HUMAN BY NATURE FILM 2020
9. DIGIES 2019 DIGITAL AWARD - VIDEO CAMPAIGN FOR KERALA TALES – GOLD
10. MCUBE 2019 AWARD - VIDEO CAMPAIGN FOR KERALA TALES - SPECIAL MENTION
11. UNWTO ACEESIBLE TOURISM DESTINATION AWARD 2019
12. ASIA SPA INDIA AWARDS 2019- BEST WELLNESS DESTINATION
13. FOXGLOVE AWARDS 2018-19 - BEST DIGITAL BRAND VIDEO ( CAMPAIGN ) FOR KERALA TALES - GOLD - ALL INDIA
14. FOXGLOVE AWARDS 2018-19- BEST USE OF INFLUENCER MARKETING FOR KBE 5 - ALL INDIA
15. FOXGLOVE AWARDS 2018-19 - BEST DIGITAL BRAND VIDEO ( SINGLE ) FOR CHILLAN'S BACKWATER WORLD - SOUTH INDIA REGION
16. FOXGLOVE AWARDS 2018-19- BEST DIGITAL BRAND VIDEO ( CAMPAIGN ) FOR KERALA TALES - GOLD - SOUTH INDIA REGION
17. FOXGLOVE AWARDS 2018-19- BEST USE OF INFLUENCER MARKETING FOR KBE 5 - SOUTH INDIA REGION
18. BEST FACE BOOK PAGE AWARD,2018
19. SOCIAL SAMOSA AWARD, 2018
20. WORLD TRAVEL MARKET (WTM), LONDON-RESPONSIBLE TOURISM AWARDS GOLD - BEST FOR MANAGING SUCCESS – KUMARAKOM, 2018
21. INTERNATIONAL TRAVEL AND TOURISM AWARDS (ITTA) -BEST IN RESPONSIBLE TOURISM, 2018
22. TRAVEL AND LEISURE AWARDS -BEST HONEYMOON DESTINATION IN INDIA, 2018
23. LONELY PLANET TRAVEL AWARDS -BEST DESTINATION FOR FAMILIES, 2018
24. INDIAN RESPONSIBLE TOURISM AWARDS (IRTA)-OUTSTANDING ACHIEVEMENT AWARD, 2018
25. NATIONAL TOURISM AWARDS 2017-18-BEST TOURISM FILM- COME OUT AND PLAY
26. NATIONAL TOURISM AWARDS 2017-18-BEST STATE / UT COMPREHENSIVE DEVELOPMENT OF TOURISM (REST OF INDIA)-THIRD PRIZE – KERALA
27. BEST TOURISM FILM, 2016-17
28. BEST STATE / UT COMPREHENSIVE DEVELOPMENT OF TOURISM (REST OF INDIA)- SECOND PRIZE, 2016-17

29. BEST TOURISM PROMOTION PUBLICITY MATERIAL EXCELLENCE IN PUBLISHING FOREIGN LANGUAGE GERMAN, 2016-17
30. BEST RESPONSIBLE TOURISM PROJECT / INITIATIVE, 2016-17

**Acclaims**

1. AYMANAM RESPONSIBLE TOURISM PROJECT WINS WORLD TRAVEL MARKET AWARD – NOV 2021
2. KERALA: MOST HAPPY STATE IN INDIA
   KERALA HAS TOPPED THE HAPPINESS INDEX IN THE STATE OF THE STATES SURVEY 2021 BY THE NEWS MAGAZINE INDIA TODAY. – DEC 2021
3. KERALA RANKED NO.1 IN THE 'MOST WELCOMING REGION IN INDIA' CATEGORY OF TRAVELLER REVIEW AWARDS 2022, INSTITUTED BY THE LEADING DIGITAL TRAVEL PLATFORM BOOKING.COM. THIS IS THE 4TH TIME THAT THE STATE HAS TOPPED THE LIST – JAN 2022
4. AYMANAM HAS SELECTED IN CONDÉ NAST TRAVELLER'S TOP 30 MUST SEE WORLD PLACES IN 2022. – FEB 2022
5. THE PERFECT PLACE FOR A HONEYMOON IN THE WORLD; ALAPPUZHA IS THE ONLY INDIAN DESTINATION IN THE NATIONAL GEOGRAPHIC LIST – MARCH 2022

Section Officer